# 81

1 സ്തുതിച്ചിടുവിൻ കീർത്തനങ്ങൾ ദേവന്നു പാടിടുവിൻ
സ്തുതിയുചിതം മനോഹരവും നല്ലതുമെന്നിറിവൻ

ദേവാധിദേവനീ പാരിൽ വന്നു പാപിയെത്തേടി വന്നു
വല്ലഭനായ് മരിച്ചുയിർത്തു ജീവിക്കുന്നു നമുക്കായ്

2 തിരുക്കരങ്ങൾ നിരത്തിവച്ചു താരകങ്ങൾ ഗഗനേ
ഒരുക്കിയവൻ നമുക്കു രക്ഷാ മാർഗ്ഗമതിന്നു മുന്നേ-

3 കില്ല കണ്ണുകളീ കരുണയിൻ കരചലനം
കേട്ടില്ല മാനവരിൻ കാതുകൾ തൻ വചനം-

4 ധ്യാനിക്കുവിൻ തൻകൃപകൾ പുകഴ്ത്തുവിൻ തൻക്രിയകൾ
മാനിതനാം തൻനാമ മഹിമകൾ വർണ്ണിക്കുവിൻ

5 തലമുറയായവൻ നമുക്കു നല്ലൊരു സങ്കേതമാം
പലമുറ നാം പാടിടുക പരമനു സങ്കീർത്തനം-

6 മനം തകർന്നോർക്കരുളുമവൻ കൃപയുടെ പരിചരണം
ധനം സുഖം സന്തോഷമെല്ലാം നമുക്കു തൻ തിരുചരണം **M.E.C**